**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1313** | **11-09-2023 - ൽ മറുപടിയ്ക്ക്**

**തീരദേശ ഹൈവേ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ തീരദേശ ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | കാസർഗോഡ് ജില്ലയിലെ വലിയപറമ്പ് മുതൽ പന്നിക്കുന്ന് വരെ 56.59 കിലോമീറ്റർ ദൂരമാണ് തീരദേശ ഹൈവേ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്. കാസർഗോഡ് ജില്ലയിലെ തീരദേശ ഹൈവേയുടെ അലൈൻമെന്റിൽ വരുന്ന (0.44 കിലോമീറ്റർ) വലിയപറമ്പ പാലത്തിന്റെ ഡി.പി.ആർ സാമ്പത്തിക അനുമതി ലഭിക്കുന്നതിനായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. ശേഷിക്കുന്ന 56.15 കിലോമീറ്റർ വരുന്ന ഹൈവേയുടെ ഡി.പി.ആർ തയ്യാറാക്കുന്നതിന് IDECK എന്ന കൺസൾട്ടൻസി ചുമതലപ്പെടുത്തിയിട്ടുണ്ട്. IDECK തയ്യാറാക്കിയ അലൈൻമെന്റ് പ്രകാരം ഉള്ള ലാൻഡ് അക്വസിഷൻ പ്ലാൻ കിഫ്ബിയിൽ സമർപ്പിച്ച് സ്ഥലം ഏറ്റെടുക്കുന്നതിനു മാത്രമായി 44.68 കോടി രൂപയുടെ സാമ്പത്തിക അനുമതിയും പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിനായി റവന്യൂ ഉത്തരവും നൽകിയിട്ടുണ്ട്. അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നതിനായി 6(1) വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിച്ച് വരുന്നു. |
| (ബി) | തീരദേശ ഹൈവേ നിർമ്മാണത്തിനുള്ള സ്ഥലം ഏറ്റെടുക്കുന്നതിലെ പുരോഗതി വിശദമാക്കുമോ? | (ബി) | കാസർഗോഡ് ജില്ലയിലെ വലിയപറമ്പ് മുതൽ പന്നിക്കുന്ന് വരെ 56.59 കിലോമീറ്റർ ദൂരമാണ് തീരദേശ ഹൈവേ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്. കാസർഗോഡ് ജില്ലയിലെ തീരദേശ ഹൈവേയുടെ അലൈൻമെന്റിൽ വരുന്ന (0.44 കിലോമീറ്റർ) വലിയപറമ്പ പാലത്തിന്റെ ഡി.പി.ആർ സാമ്പത്തിക അനുമതി ലഭിക്കുന്നതിനായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. ശേഷിക്കുന്ന 56.15 കിലോമീറ്റർ വരുന്ന ഹൈവേയുടെ ഡി.പി.ആർ തയ്യാറാക്കുന്നതിന് IDECK എന്ന കൺസൾട്ടൻസി ചുമതലപ്പെടുത്തിയിട്ടുണ്ട്. IDECK തയ്യാറാക്കിയ അലൈൻമെന്റ് പ്രകാരം ഉള്ള ലാൻഡ് അക്വസിഷൻ പ്ലാൻ കിഫ്ബിയിൽ സമർപ്പിച്ച് സ്ഥലം |

| | | | |
|---|---|---|---|
| | | | ഏറ്റെടുക്കുന്നതിനു മാത്രമായി 44.68 കോടി രൂപയുടെ സാമ്പത്തിക അനുമതിയും പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിനായി റവന്യൂ ഉത്തരവും നൽകിയിട്ടുണ്ട്. അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നതിനായി 6(1) വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ